ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 25.10.2024**

## പ്രധാനവാർത്തകൾ

1). പ്രധാനമന്ത്രി നരേന്ദ്രമോദിയും ജർമൻ ചാൻസലർ ഒലാഫ് ഷോൾസും പതിനെട്ടാമത് ജർമ്മൻ ബിസിനസ് ഏഷ്യാ - പസഫിക് സമ്മേളനത്തെ അഭിസംബോധന ചെയ്തു. ഇരുരാജ്യങ്ങളും തമ്മിലുള്ള സർക്കാർ തല ചർച്ചകളിൽ നേതാക്കൾ സംയുക്ത അദ്ധ്യക്ഷത വഹിക്കും.

2). വയനാട്, ചേലക്കര, പാലക്കാട് ഉപതിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണത്തിൻറെ സമയപരിധി ഇന്ന് അവസാനിക്കും. പ്രചാരണം സജീവം.

3). ഭൂമി തരം മാറ്റ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി രണ്ടാം ഘട്ട അദാലത്തുകൾക്ക് തുടക്കം. നവംബർ 15 വരെ താലൂക്ക് തലത്തിലാണ് അദാലത്തുകൾ.

4). ഒഡീഷയിൽ വീശിയടിച്ച ദാന ചുഴലിക്കാറ്റിൽ വ്യാപക കൃഷിനാശം. ആളപായമില്ല.

5). കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

6). പൂനെ ക്രിക്കറ്റ് ടെസ്റ്റിൻറെ രണ്ടാം ദിനത്തിൽ ന്യൂസിലൻഡിനെതിരെ ഇന്ത്യയ്ക്ക് ബാറ്റിംഗ് തകർച്ച.

RNU TVPM

**************************************************************************************

**ജർമൻ ചാൻസലർ – പ്രധാനമന്ത്രി**

പ്രധാനമന്ത്രി നരേന്ദ്രമോദിയും ജർമൻ ചാൻസലർ ഒലാഫ് ഷോൾസും പതിനെട്ടാമത് ജർമ്മൻ ബിസിനസ് ഏഷ്യാ - പസഫിക് സമ്മേളനത്തെ അഭിസംബോധന ചെയ്തു. നേരത്തെ ഒലാഫ് ഷോൾസ് പ്രധാനമന്ത്രി നരേന്ദ്രമോദിയെ ന്യൂഡൽഹിയിലെ ഔദ്യോഗിക വസതിയിലെത്തി കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള സർക്കാർ തല ചർച്ചകളിൽ ഇരുനേതാക്കളും സംയുക്ത അദ്ധ്യക്ഷത വഹിക്കും. ഇരുഭാഗത്തു നിന്നുള്ള മന്ത്രിമാരും ചർച്ചകളിൽ പങ്കെടുക്കും. സുരക്ഷാ-പ്രതിരോധ രംഗത്തെ സഹകരണം, സാമ്പത്തിക സഹകരണം തുടങ്ങിയ വിഷയങ്ങളിൽ പ്രധാനമന്ത്രി മോദിയും ഒലാഫ് ഷോൾസും ഉഭയകക്ഷി ചർച്ച നടത്തും.

**************************************************************************************

**ഉപതിരഞ്ഞെടുപ്പ്**

RNU TVPM

കേരളത്തിൽ വയനാട് ലോക്സഭാ മണ്ഡലം, ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലേക്കുമുള്ള ഉപതിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ സ്ഥാനാർത്ഥികൾ എല്ലാവരും പത്രിക സമർപ്പിച്ചു. എൽ.ഡി.എഫ്, യു.ഡി.എഫ്, എൻ.ഡി.എ സ്ഥാനാർത്ഥികൾ പത്രിക നൽകിയതോടെ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി. വയനാട് മണ്ഡലം എൽ ഡി എഫ് സ്ഥാനാർഥി സത്യൻ മൊകേരി ഇന്ന് തിരുവമ്പാടി, കൂടരഞ്ഞി പഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങളിൽ പര്യടനം നടത്തും. യുഡിഎഫിന്റെ തെരഞ്ഞെടുപ്പ് കൺവെൻഷനുകൾ പുരോഗമിക്കുകയാണ്. യുഡിഎഫ് സ്ഥാനാർത്ഥി

പ്രിയങ്കാഗാന്ധി 28,29 തീയതികളിൽ വീണ്ടും വയനാട്ടിലെത്തും. അതേസമയം എൻഡിഎ സ്ഥാനാർത്ഥി നവ്യ ഹരിദാസ് വയനാട്ടിലെ ഉന്നതി കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രചാരണത്തിലാണ്. പത്രികാ സമർപ്പണം പൂർത്തിയായതോടെ പാലക്കാട് നിയമസഭാ മണ്ഡലത്തിലെ മുന്നണി സ്ഥാനാർത്ഥികൾ ഉപതെരഞ്ഞെടുപ്പ് പ്രചാരണ രംഗത്ത് സജീവമായി. വരും ദിവസങ്ങളിൽ കേന്ദ്ര സംസ്ഥാന നേതാക്കൾ കൂടി എത്തുന്നതോടെ മണ്ഡലത്തിൽ പ്രചാരണം കൂടുതൽ ഊര്ജ്ജിതമാകും. യു.ഡി.എഫ് .എൽഡി.എഫ് നിയോജകമണ്ഡലം കൺവെൻഷനുകൾ പൂർത്തിയായി എൻ.ഡി.എ കൺവെൻഷൻ തിങ്കളാഴ്ച നടക്കും. ചേലക്കര ഉപതെരഞ്ഞെടുപ്പ് മൂന്ന് മുന്നണികളും തിരക്കിട്ട തെരഞ്ഞെടുപ്പ് പര്യടനത്തിലാണ്. എൻഡിഎ സ്ഥാനാർത്ഥി കെ ബാലകൃഷ്ണൻ മുള്ളൂർക്കര പഞ്ചായത്തിലും യുഡിഎഫ് സ്ഥാനാർത്ഥി രമ്യ ഹരിദാസ് കൊണ്ടാഴി പ്രദേശത്തെ തേക്കിൻകാട് കോളനി മൈതാനത്തിലും തെരഞ്ഞെടുപ്പ് പ്രചാരണത്തിലാണ്. എൽ ഡി എഫ് സ്ഥാനാർത്ഥിയുടെ പ്രചരണാർത്ഥത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പങ്കെടുക്കുന്ന തെരഞ്ഞെടുപ്പ് കൺവെൻഷൻ നടക്കുകയാണ്.

RNU TVPM

*************************************************************************************

**<u>അദാലത്ത്</u>**

ഭൂമി തരം മാറ്റ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി രണ്ടാം ഘട്ട അദാലത്തുകൾ ഇന്ന് ആരംഭിച്ചു. നവംബർ 15 വരെ താലൂക്ക് തലത്തിലാണ് അദാലത്തുകൾ സംഘടിപ്പിക്കുന്നത്. 25 സെൻറിൽ താഴെയുള്ള സൗജന്യമായി തരം മാറ്റത്തിന് അർഹതയുള്ള ഫോം-5, ഫോം-6 അപേക്ഷകളാണ് അദാലത്തിൽ

പരിഗണിക്കുന്നത്. ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലാണ് അദാലത്തുകൾ സംഘടിപ്പിക്കുന്നത്.

***************************************************************************************

**<u>ഭൂമി തരം മാറ്റ അപേക്ഷ</u>**

ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി താലൂക്ക് തല അദാലത്തുകൾക്ക് കണ്ണൂർ ജില്ലയിൽ തുടക്കമായി. കണ്ണൂർ താലൂക്ക് തല അദാലത്ത് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ആഗസ്റ്റ് 31 വരെ ലഭിച്ചതും സൗജന്യമായി അനുവദിക്കേണ്ടതുമായ 25 സെൻറിൽ താഴെയുള്ള ഭൂമി സംബന്ധിച്ച് ഫോറം അഞ്ച്, ഫോറം ആറ് അപേക്ഷകളാണ് അദാലത്തിൽ പരിഗണിക്കുന്നത്.

***************************************************************************************

**<u>ദാന ചുഴലിക്കാറ്റ്</u>**

ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ദാന ചുഴലിക്കാറ്റ് ഒഡീഷ തീരത്ത് വീശിയടിച്ചു. ചുഴലിക്കാറ്റിൻറെ പ്രഭാവത്താൽ കേന്ദ്രാപഡാ, ഭദ്രക്, ബാലസോർ ജില്ലകളിലെ വിവിധ ഭാഗങ്ങളിൽ കാറ്റോടുകൂടിയ ശക്തമായ മഴ പെയ്തു. ഭിതാർകനിക ദേശീയോദ്യാനത്തിനും ധംറ തുറമുഖത്തിനും മധ്യേ അർദ്ധരാത്രി 12 മണിയോടെയാണ് ചുഴലിക്കാറ്റ് കരയിലേക്ക് പ്രവേശിച്ചത്. 120 കിലോമീറ്റർ വേഗതയിൽ വീശിയടിച്ച ചുഴലിക്കാറ്റിൽ മരങ്ങൾ കടപുഴകുകയും നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. ശക്തമായ കാറ്റിലും മഴയിലും വ്യാപകകൃഷി നാശമുണ്ടായെങ്കിലും ആളപായമൊന്നും റിപ്പോർട്ട് ചെയ്്തിട്ടില്ല. അതേസമയം, അതിശക്തമായ മഴ തുടരാൻ സാധ്യതയുള്ള ബാലസോർ, ഭദ്രക്, മയൂർഭഞ്ച് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥവകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. <u>സംസ്ഥാനത്തെ സ്ഥിതിഗതികൾ അവലോകനം ചെയ്ത ഒഡീഷ</u>

RNU TVPM

മുഖ്യമന്ത്രി മോഹൻ ചരൺ മാഞ്ജി നാശനഷ്ടങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകി.

**************************************************************************************

**<u>മഴ - സംസ്ഥാനം</u>**

കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. തിരുവനന്തപുരം, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള- ലക്ഷദ്വീപ് തീരങ്ങളിൽ മൽസ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**************************************************************************************

**<u>ആലപ്പുഴ - (ഇൻട്രോ</u>**

ആലപ്പുഴ ഹരിപ്പാട് മണ്ണാറശാല ക്ഷേത്രത്തിലെ ആയില്യം ഉത്സവം നാളെ നടക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ...

(വോയിസ്....)

RNU TVPM

**************************************************************************************

**<u>ക്രിക്കറ്റ്</u>**

പൂനെ ക്രിക്കറ്റ് ടെസ്റ്റിൻറെ രണ്ടാം ദിനത്തിൽ ന്യൂസിലന്റിനെതിരെ ഇന്ത്യയ്ക്ക് ബാറ്റിംഗ് തകർച്ച. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 7 വിക്കറ്റിന് 128 റൺസ് എന്ന നിലയിലാണ്. ന്യൂസിലൻഡിൻറെ ഒന്നാം ഇന്നിംഗ്സ് 259 റൺസിന് അവസാനിച്ചിരുന്നു.

**************************************************************************************

**<u>സമ്പൂർണ്ണ സാക്ഷരത - കെ രാജൻ</u>**

സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച ജില്ലയായി കാസർകോടിനെ റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ പ്രഖ്യാപിച്ചു. രാജ്യത്ത് ആദ്യമായാണ് ഒരു ജില്ല

സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നത് വീഡിയോ പ്രകാശനം ചെയ്താണ് മന്ത്രി പ്രഖ്യാപനം നടത്തിയത്.

************************************************************************************************

**ഇടുക്കി നീലക്കുറിഞ്ഞി - (ഇൻട്രോ)**

ഇടുക്കിയിൽ വീണ്ടും കുറിഞ്ഞി വസന്തം' ഉടുമ്പൻചോലക്ക് സമീപം ചതുരംഗപ്പാറ മലനിരകളിലാണ് കുറിഞ്ഞികൾ പൂത്തു തുടങ്ങിയിരിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...

(വോയിസ്........)

************************************************************************************************

**ശ്രീപത്മനാഭ**

അല്പശി ഉത്സവത്തിന് മുന്നോടിയായി തിരുവനന്തപുരം ശ്രീ പത്മനാഭ സ്വാമിക്ഷേത്രത്തിൽ മണ്ണുനീർ കോരൽ ചടങ്ങ് ഇന്ന് വൈകിട്ട്. മിത്രാനന്ദപുരം ക്ഷേത്രക്കുളത്തിലാണ് ചടങ്ങ്. അല്പശി ഉത്സവത്തിന് ഈ മാസം 31-ന് കൊടിയേറും. നവംബർ ഒൻപതിന് ശംഖുമുഖത്ത് ആറാട്ട് നടക്കും.

RIJU TVPM

************************************************************************************************

**കുടിവെള്ളം മുടങ്ങും**

അരുവിക്കര സബ് സ്റ്റേഷനിൽ നിന്ന് വാട്ടർ അതോറിട്ടിയുടെ ജല ശുദ്ധീകരണ ശാലയിലേക്കുള്ള വൈദ്യുതി വിതരണം തടസപ്പെടുന്നതുമൂലം നാളെ തിരുവനന്തപുരം നഗരത്തിലെ മിക്ക ഭാഗത്തും കുടിവെള്ളം മുടങ്ങും. ഉച്ചയ്ക്ക് 1 മണി മുതൽ രാത്രി ഏഴ് വരെയാണ് ജലവിതരണം തടസപ്പെടുക. അതേസമയം, സ്മാർട്ട് സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് ഇന്നലെ രാത്രി നടത്താനിരുന്ന കുര്യാത്തി സെക്ഷൻ പരിധിയിലെ ഇൻറർകണക്ഷൻ ജോലികൾ മാറ്റിവച്ചു.

ഈ സാഹചര്യത്തിൽ ഇന്നലെ രാത്രി മുതൽ ജലവിതരണം നിർത്തിവയ്ക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും അതുണ്ടായില്ല.

*****************************************************************************************

**<u>അരുവിക്കര ഡാം</u>**

തിരുവനന്തപുരം അരുവിക്കര ഡാമിൻറെ ഷട്ടറുകൾ നിലവിൽ 100 സെൻറീമീറ്റർ ഉയർത്തിയിട്ടുണ്ട്. ഡാമിന്റെ വൃഷ്ടി പ്രദേശത്ത് മഴ തുടരുന്നതിനാൽ 50 സെൻറീമീറ്റർ കൂടി ഷട്ടറുകൾ ഇന്ന് ഉയർത്തി. സമീപവാസികൾ ജാഗ്രത പുലർത്തണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

*****************************************************************************************

**<u>വനിതാ കമ്മീഷൻ-അദാലത്ത്</u>**

കേരള വനിതാ കമ്മീഷൻ സംഘടിപ്പിക്കുന്ന കോഴിക്കോട് ജില്ലാതല അദാലത്ത് ഒക്ടോബർ 26-ന് ജില്ലാ പഞ്ചായത്ത് ഹാളിൽ നടക്കും. രാവിലെ 10-ന് ആരംഭിക്കുന്ന അദാലത്തിൽ പുതിയ പരാതികളും സ്വീകരിക്കും.

RNU TVPM

*****************************************************************************************

**<u>റഷ്യൻ സംഗീതോത്സവം</u>**

റഷ്യൻ കൾച്ചറൽ സെൻറർ നടത്തുന്ന റഷ്യൻ നൃത്തസംഗീതോത്സവത്തിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കം.കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ വിവിധ നൃത്തരൂപങ്ങളും സംഗീതനിശയും അവതരിപ്പിക്കും. വൈകിട്ട് 7-നാണ് നൃത്ത പരിപാടി. റഷ്യയിലെ ഭൂപ്രദേശങ്ങൾ നേരിൽ കാണുന്ന തരത്തിൽ വെർച്വൽ റിയാലിറ്റി ഷോയും ഉണ്ടാകും.

*****************************************************************************************

**യാത്രാ നിരോധനം**

കോട്ടയം ജില്ലയിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത ഉള്ളതിനാൽ ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽകല്ല്, മാർമല അരുവി എന്നിവിടങ്ങളിലേയ്ക്കുള്ള പ്രവേശനവും ഈരാറ്റുപേട്ട-വാഗമൺ റോഡിലെയും മലയോര മേഖലയിലെയും രാത്രികാലയാത്രയും നാളെ വരെ ജില്ലാ കളക്ടർ നിരോധിച്ചു.

*************************************************************************************

**പോത്തൻകോട് കുടുംബശ്രീ**

തിരുവനന്തപുരം പോത്തൻകോട് ജില്ലാമിഷൻറെ ഡി.ഡി.യു - ജി.കെ.വൈ പദ്ധതിപ്രകാരം കേരള നോളജ് ഇക്കണോമി മിഷനുമായി ചേർന്ന് നാളെ രാവിലെ പോത്തൻകോട് എം.ടി ഹാളിൽ കരിയർ ഫെയർ - 2024 തൊഴിൽമേള സംഘടിപ്പിക്കും. ഇരുപതിലേറെ പ്രമുഖ സ്ഥാപനങ്ങൾ പങ്കെടുക്കുന്ന മേളയിൽ നാന്നൂറിലധികം തൊഴിൽ അവസരങ്ങളുണ്ടാകും. എസ്.എസ്.എൽ.സി, പ്ലസ്ടു,ഡിഗ്രി, ബി.ടെക്, ഐ.ടി.ഐ, ഡിപ്ലോമ തുടങ്ങിയ വിദ്യാഭ്യാസ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികൾക്ക് മേളയിൽ പങ്കെടുക്കാം. ഉദ്യോഗാർത്ഥികൾ ഒന്നിലേറെ ബയോഡാറ്റകൾ കൈയിൽ കരുതണം.

*************************************************************************************

RNUTVPM

**<u>ഹ്രസ്വ ചലച്ചിത്രമേള</u>**

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന തദ്ദേശീയ മേഖലയിലെ കുട്ടികളുടെ ഹ്രസ്വ ചലച്ചിത്ര മേളയായ 'കനസ് ജാഗ'യ്ക്ക് നാളെ എറണാകുളത്ത് തുടക്കമാകും.

സെൻറ് തെരേസാസ് കോളജിൽ നടക്കുന്ന മേള തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് ഉദ്ഘാടനം ചെയ്യും. 103 സിനിമകൾ മേളയിൽ പ്രദർശിപ്പിക്കും. ഇന്ത്യയിൽ ആദ്യമായാണ് തദ്ദേശീയ മേഖലയിലെ കുട്ടികളുടെ ചലച്ചിത്രോത്സവം സംഘടിപ്പിക്കുന്നത്.

RNUTVPM

********************************************************************************************

******************************************************************

**********************************